2. A three-day camp 'SEDA 2018' (Skill Exchange for Differently Abled) was organised by BAHUSWARA (disability cell), Christ college in association with JOTHIRGAMAYA FOUNTATION, Thiruvananthapuram on 25,26 & 27th January 2018 at college seminar hall. The camp was attended by forty members including few parents of differently abled students and by visually impaired persons other than college students. Tiffany Brar, founder of Jothirgamaya Foundation and her team members Aruna, Amina & Balaraman, were the resource persons for the three-day camp SEDA 2018.






ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലെ വിദ്യാർഥിക്കൂട്ടായ്മയായ 'ബഹുസ്വര' ഡിസെബിലിറ്റി സെല്ലിന്റെ ആഭിമുഖ്യത്തിൽ കാഴ്ചപരിമിതർക്കായി സംഘടിപ്പിച്ച ത്രിദിന ക്യാമ്പിൽ പങ്കെടുത്തവർ.

## കാഴ്ചപരിമിതർക്കായി ത്രിദിന ക്യാമ്പ് നടത്തി

**ഇരിങ്ങാലക്കുട:** ക്രൈസ്റ്റ് കോളജിലെ വിദ്യാർഥി കൂട്ടായ്മയായ 'ബഹുസ്വര' ഡിസെബിലിറ്റി സെല്ലിന്റെ ആഭിമുഖ്യത്തിൽ കാഴ്ചപരിമിതർക്കായി ത്രിദിന ക്യാമ്പു നടത്തി. അധ്യാപകർ, ശാരീരിക വൈകല്യമുള്ള വിദ്യാർഥികൾ, വോളന്റിയർമാർ എന്നിവരടങ്ങുന്ന ബഹുസ്വര ഡിസെബിലിറ്റി സെൽ സമൂഹത്തിനു മുതൽക്കൂട്ടാവുകയാണ്. കാഴ്ചപരിമിതയായ ടിഫനി ബ്രാർ നേതൃത്വം നൽകുന്ന 'ജ്യോതിർഗമയ'യുമായി സഹകരിച്ച് വിദ്യാർഥികൾ കമ്പ്യൂട്ടർ പരിജ്ഞാനം, വൈറ്റ് കെയ്ൻ ഉപയോഗം, വ്യക്തിത്വ വികസന ക്ലാസുകൾ, ആൻഡ്രോയിഡ് ഫോൺ ഉപയോഗം, സ്പോക്കൺ ഇംഗ്ലീഷ് തുടങ്ങിയ മേഖലകളിൽ പരിശീലനം നടത്തി.

ടിഫനി ബ്രാർ, 'ജ്യോതിർഗമയ' ഫൗണ്ടേഷനിലെ ബലരാമൻ, അരുണ, ആമിന തുടങ്ങിയവരും ബിനു കാളിയാടൻ, സി.വി. ജോസ് എന്നിവരും ക്ലാസുകൾക്കു നേതൃത്വം നൽകി. വിദ്യാർഥികളായ ഫൈസൽ കെ. ലാൽ, ജെറോം, കെ.യു. റിജാസ്, ആദിത്യ എസ്. നായർ, കെ. അർജുൻ, മിഥുൻ ചന്ദ്രഹാസൻ, അയന കെ. പ്രസാദ്, അഭിഷേക്, രഞ്ജിത്ത് തുടങ്ങിയവരടങ്ങുന്ന സംഘമാണ് 'ബഹുസ്വര' ഡിസെബിലിറ്റി സെല്ലിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്.

അധ്യാപകരായ ഡോ. എ.കെ. ജിബിൻ, ഡോ. നിഷ രവീന്ദ്രൻ, ഡോ. പി.പി. റോബിൻസൺ എന്നിവർ നിർദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നുണ്ട്.

ദീപിക Fri, 02 February 2018
deepika.epapr.in//c/25975239


Welcome to
SEDA - 2018
(Skill Exchange for Differently Abled)
Jointly Organized by
January 25 - 27
Jyothirgamaya
Jyothirgamaya Foundation
Trivandrum
Bahuswara (Disability Cell)
Christ College ( Autonomous), IJK